കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തേവലക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P2/2294/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേവലക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P2/2294/22 തീയ്യതി: 04/04/2023

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 21-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അമ്പിളി. എം.ഡി	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	21-11-2022	29-11-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-11-2022	29-11-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ.ജി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.അനിൽകുമാർ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺജിത്ത്.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹർഷ.എൽ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. എസ്. സിന്ധു	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. ബിനോയ്. എം.ജി	സെക്രട്ടറി	01-04-2021	22-09-2021
ശ്രീ. ദിലീപ്.റ്റി	സെക്രട്ടറി	23-09-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. എസ്.ലേഖ	അസി. സെക്രട്ടറി	01-04-2021	31-03-2022
ശ്രീമതി. രശ്മി ജയരാജ്	കൃഷി ആഫീസർ	01-04-2021	31-03-2022
ഡോ. സാജൻ	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ഡോ. നിത്യാ മോൾ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2021	31-03-2022
ഡോ. അനുപമ.ബി	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	01-04-2021	31-03-2022
ഡോ. ഗിരിജാനന്ദ്	മെഡിക്കൽ ഓഫീസർ,ആയൂർവേദം	01-04-2021	31-03-2022
ഡോ. ശാന്തി	മെഡിക്കൽ ഓഫീസർ, സിദ്ധ	01-04-2021	20-06-2021
ഡോ. ആർഷ മോഹൻ	മെഡിക്കൽ ഓഫീസർ, സിദ്ധ	20-06-2021	31-03-2022
ശ്രീമതി. ശോഭന	ഹെഡ് മിസ്ട്രസ്സ്	01-04-2021	31-03-2022
ശ്രീമതി. റാണി.കെ.ശ്രീധർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	08-11-2021
Vaccant	ഐ.സി.ഡി.എസ് സൂപ്പർവൈസർ	09-11-2021	14-11-2021
ശ്രീമതി. ശുഭ.സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	15-11-2021	31-03-2022
ശ്രീമതി.അൽ-സുമയ്യ	വി.ഇ. ഒ	01-04-2021	01-08-2021
ശ്രീമതി. റാഹിലത്ത്(അഡീ. ചാർജ്)	വി.ഇ. ഒ	01-08-2021	12-09-2021
ശ്രീമതി.രഹന	വി.ഇ. ഒ	13-09-2021	31-03-2022
ശ്രീമതി. റാഹിലത്ത്	വി.ഇ. ഒ	01-04-2021	31-03-2022
Vaccant	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	18-04-2021

ശ്രീമതി. ഫൌസിയ.എം	ഡയറി ഫാം ഇൻസ്ട്രക്ടർ	19-04-2021	31-03-2022
ശ്രീമതി. തസ്ലിമ ബീഗം.ഐ	ഫിഷറീസ്	01-04-2021	31-03-2022
ശ്രീമതി. ശാന്തി തോമസ്	അസി. എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീ. ഡ്രോജി തരകൻ.റ്റി	അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-2-1
4	സാമ്പത്തിക വിശകലനം	1-3
5	ഗ്രാന്റ് / ഫണ്ട് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.	1-11
13	സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയില്ല.	1-12
14	റേഷൻ റീട്ടെയിൽ ഡിപ്പോകളും, മാവേലി സ്റ്റോറുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.	1-13
15	ലേലം – GST തുക കുറവായി ഈടാക്കി.	1-14
16	വാടക തുകയുടെ കൂടെ 18% GST ഈടാക്കിയില്ല.	1-15
17	യോഗ്യതയില്ലാത്ത വ്യക്തിയെ ലാബ് ടെക്നീഷ്യനായി നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.	1-16
18	ആർദ്രം പദ്ധതി - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ചെലവ് അംഗീകരിക്കുന്നില്ല.	1-17
19	ഇലക്ഷീഷ്യൻമാർക്ക് ഫെസ്റ്റിവൽ അലവൻസ് - 5,500/-രൂപ നിരാകരിക്കുന്നു.	1-18
20	ഇ-ടെൻഡർ ഫീ വരവ് ലഭ്യമായില്ല.	1-19
21	ടാർ ബാരൽ വില ഓഡിറ്റ് നിർദേശത്തെ തുടർന്നു ഒടുക്കു വരുത്തി.	1-20
22	എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സർക്കാർ സ്കൂളുകളെ ഒഴിവാക്കി.	1-21
23	കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ - പൾസ് ഓക്സിമീറ്റർ തിരികെ ലഭിക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-22
24	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ആദ്യഗഡു കൈപ്പറ്റിയിട്ട് പഠനമുറി നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.	1-23

25	പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്ന് ലഭ്യമായിട്ടില്ല - 97,283/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
26	ജീവനം പദ്ധതി - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.	1-25
27	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.	1-26
28	അധിക നിരക്കിൽ ടെൻഡർ എക്സസ് നൽകാൻ ബിൽ തയ്യാറാക്കി.	1-27
29	സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനം ആരംഭിച്ചിട്ടില്ല.	1-28
30	ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.	1-29
31	ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ തിരിച്ചടവ് - മുതൽ, പലിശ തിരിച്ചടവ് ഗഡുക്കൾ കൃത്യമായി കണക്കാക്കിയിട്ടില്ല.	1-30
32	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളും പദ്ധതി ചെലവിൽ പ്രതിഫലിച്ചിട്ടില്ല.	1-31
33	നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.	1-32
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	യോഗ്യതയില്ലാത്ത വ്യക്തിയെ ലാബ് ടെക്നീഷ്യനായി നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.	3-1
2	ആർദ്രം പദ്ധതി - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ചെലവ് അംഗീകരിക്കുന്നില്ല.	3-2
3	ഇലക്ട്രീഷ്യൻമാർക്ക് ഫെസ്റ്റിവൽ അലവൻസ് - 5,500/-നിരാകരിക്കുന്നു.	3-3
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം ന ൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	അനുബന്ധപത്രികകൾ

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

23.02.21 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 04.02.22 തീയതിയിലെ 1 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.21	08.11.22	-	-

1-2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) സ്ഥാപന തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ, കുടിശിക വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2) വസ്തുനികുതി തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശിക തുകകളുടെയും മുൻവർഷ കുടിശിക തുകകളുടെയും അക്കൗണ്ടിംഗ് സഞ്ചയ സ്റ്റേറ്റുമെന്റിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് ഇനത്തിൽ സുലേഖ സ്റ്റേറ്റുമെന്റ്, ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരമുള്ള ചെലവ് ₹55,37,312/-ആണ്. എ സി ആർ പ്രകാരമുള്ള ചെലവ് തുക ₹55,37,780/- ആയതിനാൽ ₹468/- വ്യത്യാസം നിലനില്ക്കുന്നു.

4) സി എഫ് സി-ടൈഡ് ഫണ്ടിന്റെ ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് ₹40,13,319/- ഉം എ സി ആർ പ്രകാരമുള്ള ചെലവ് ₹43,20,329/- ഉം ആയതിനാൽ ചെലവിൽ ₹3,07,010/- വ്യത്യാസം നിലനില്ക്കുന്നു.

5) പ്രോജക്ട് നം.114/22 നായി സി എഫ് സി - ടൈഡ് ഫണ്ടിൽ നിന്നും വൗച്ചർ നം.xvfc/2021-22/p/38 പ്രകാരം ₹4,00,000/- 31.03.22 ന് പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് സുലേഖ സ്റ്റേറ്റുമെന്റ്, ഗ്രാന്റ് സ്റ്റേറ്റുമെന്റ് എന്നിവയിലോ എ സി ആറിലോ പ്രതിഫലിച്ചിട്ടില്ല.

6) ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള ഹഡ്കോ വായ്പ തിരിച്ചടവ് (സോഴ്സ് ഡിഡക്ഷൻ തുക) ₹78,46,666/- ആണ്. എന്നാൽ 31.03.22 ലെ ലോൺ ബാധ്യത ₹4,65,18,293/- ആണെങ്കിലും ₹4,65,17,293/- എന്നാണ് ധനകാര്യപത്രികയിലെ B-5 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ളത്.

7) ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഭവന പദ്ധതിയ്ക്കായി തേവലക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്കിൽ നിന്നുമെടുത്ത ലോണിന്റെ 31.03.22 ലെ ബാധ്യത വാർഷിക ധനകാര്യപത്രിക പ്രകാരം ₹43,01,000/- ആണെങ്കിലും ബാങ്ക് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആയത് ₹52,39,437/- ആണ്.

8) വാർഷിക ധനകാര്യപത്രികയിലെ RP-45 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന പദ്ധതിയ്ക്കായി തൻവർഷം ചെലവഴിച്ച ലോൺ വിഹിതം ₹1,47,93,253/- ആണ്. എന്നാൽ സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ഈ ഇനത്തിലെ ചെലവ് ₹1,43,53,243/- ആയതിനാൽ ₹4,40,000/- വ്യത്യാസം

നിലനില്ക്കുന്നു.

9) സി.എഫ്.സി അൺടൈഡ് ഫണ്ടിന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് ₹49,70,590/-ഉം ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ₹48,98,742/-ഉം ആണ്. ₹71,848/-ടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

10) 31.03.22 ലെ ജി.ഒ(ആർ.ടി)നം.2617/22 ഫിൻ ഉത്തരവ് പ്രകാരം അനുവദിച്ച ക്യാരി ഓവർ ഫണ്ടുകൾ എ.സി.ആർ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ട് ഇനം	തുക(രൂപ)	ഫണ്ട് ഇനം	തുക(രൂപ)
വികസനഫണ്ട് (എസ്.സി.പി)	9,62,865/-	മെയിന്റനൻസ് ഗ്രാന്റ് – റോഡ്	3,80,472/-
മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ്	4,32,296/-		

11) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ I 18 – പ്രയർ പീരിയഡ് ഐറ്റംസ് - എന്ന് രേഖപ്പെടുത്തിയ ഷെഡ്യൂളിലെ തുകകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി വിവരങ്ങൾ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

14) ഇൻകം- ഓവർ-എക്സ്പെൻഡിച്ചർ നെഗറ്റീവ് തുകയായതിനുള്ള കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

15) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 പദ്ധതിയ്ക്കായി പി.എഫ്.എം.എസ് സൌകര്യമുള്ള ഒരു ബാങ്ക് അക്കൌണ്ട് ഐ.ഡി.ബി.ഐ കൊല്ലം ശാഖയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും (അക്കൌണ്ട് നം. 0737104000133951) ആയത് ധനകാര്യപത്രികയിൽ ഉൾപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	3,21,26,307/-രൂപ
വരവ്	13,16,97,385/-രൂപ
ആകെ	16,38,23,692/-രൂപ
ചെലവ്	1,300,24,507/-രൂപ
നീക്കിയിരിപ്പ്	3,37,99,185/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	1,56,601/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3761142/-രൂപ

1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ലാപ്സായ തുക ₹
വികസനഫണ്ട് (ജനറൽ)	0	2,35,71,000/-	2,35,71,000/-	2,35,71,000/-	0
വികസനഫണ്ട് (എസ്.സി.പി)	0	1,18,73,865/-	1,18,73,865/-	97,11,443/-	21,62,422/-
മെയിന്റനൻസ് ഫണ്ട്(റോഡ്)	0	5,30,10,472/-	5,30,10,472/-	69,42,726/-	4,60,67,746/-

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	1,11,97,633/-	1,11,97,633/-	55,37,312/-	56,60,321/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ട്രഷറി	0	18,89,489/-	18,89,489/-	12,09,343/-	6,80,146/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ബാങ്ക്	0	43,89,000 + 82,701(പലിശ) ---------- 44,71,701/-	44,71,701/-	36,89,399/-	7,82,302/-
ധനകാര്യ കമ്മീഷൻഗ്രാന്റ് (ടൈഡ്) - ട്രഷറി	0	76,14,269/-	76,14,269/-	31,40,210/-	44,74,059/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക്	0	65,84,000/-	65,84,000/-	15,80,119/-	50,03,881/-

ജി ഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ സി ആർ ന്റെ വരവ്, ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം പ്രസ്തുത തുകകൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിലും ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണക്കുകളിലെ വ്യതിയാനം ഖ.1-2.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ലൈഫ് മിഷൻ-സംസ്ഥാന വിഹിതം	93,20,000/-	1,25,10,000/-	2,18,30,000/-	1,66,34,862/-	51,95,138/-
കാവ് സംരക്ഷണം	9,97,220/-	0	9,97,220/-	0	9,97,220/-
ശുചിത്വ മിഷൻ	35,37,151/-	0	35,37,151/-	10,15,377/-	25,21,774/-
എം ജി എൻ ആർ ഇ ജിഎസ്	132/-	10,39,489/-	10,39,621/-	10,31,601/-	8,020/-
ഐസിഡിഎസ്	32,44,396/-	16,93,926/-	49,38,322/-	21,78,000/-	27,60,322/-
ടി എസ് സി	9,91,567/-	3,65,058/-	13,56,625/-	4,05,530/-	9,51,095/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
201	21,54,86,419/-	133	11,05,99,062/-	24	44	51.3%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	₹മുന്നിരിപ്പ്	₹വരവ്	₹ആകെ	₹ചെലവ്	₹നീക്കിയിരുപ്പ്
ഭരണചെലവുകൾ	132/-	10,39,489/-	10,39,621/-	10,31,601/-	8,020/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	6,41,22,206/-	6,41,22,206/-	6,41,22,206/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
തൊഴിൽരഹിത വേതനം	14,280/-
കർഷകതൊഴിലാളി പെൻഷൻ	29,67,600/-
വിധവാപെൻഷൻ	2,81,72,800/-
വാർദ്ധക്യകാലപെൻഷൻ	4,66,89,500 /-
വികലാംഗപെൻഷൻ	1,05,16,500/-
അൻപത് വയസ് കഴിഞ്ഞ അവിവാഹിത പെൻഷൻ	2,63,400/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	4,50,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.22 തീയതിയിൽ 3.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,767/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജനരേഖ പ്രകാരം ജീവനക്കാർ പരിപാലിച്ചു വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.
കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ ആധികാരികമാക്കി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡി-യായും ലഭിക്കുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.

കേരളാപഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാന സാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടതാണ്.
പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതി നിർവഹണം ഹെഡ്മാസ്റ്റർക്ക് നൽകിയത് ഉചിതമായില്ല. ഇത്തരം പദ്ധതികൾ അസി. സെക്രട്ടറി മുഖേന നടപ്പിലാക്കേണ്ടതാണ്. യോഗ്യതയില്ലാത്തയാളെ ലാബ് ടെക്നീഷ്യനായി നിയമിച്ചത് ഗൗരവ വീഴ്ചയായി വിലയിരുത്തുന്നു. സർക്കാർ മാനദണ്ഡങ്ങൽക്ക് വിരുദ്ധമായി ആർദ്രം പദ്ധതിക്കായി നിയമനം നടത്തിയതിൽ നിർവഹണോദ്യോഗസ്ഥനു വീഴ്ച ഉണ്ടായി. നെൽകൃഷി പദ്ധതികളിൽ പാടശേഖരസമിതിയോ, പഞ്ചായത്തിലെ കർഷകരോ കാര്യക്ഷമമായി കൃഷിയിൽ ഏർപ്പെടുന്നില്ല. പാടശേഖര സമിതി പഞ്ചായത്തിനു പുറത്തുള്ള കാർഷിക ഗ്രൂപ്പുകൾക്ക് പാഠശേഖരങ്ങൾ കരാർവച്ചു കൃഷിചെയ്യാൻ നൽകുന്നു. ആയതിനാൽ കാർഷിക ആനുകൂല്യങ്ങളുടെ സിംഹഭാഗവും മറ്റുള്ള ജില്ലയിലെ കർഷകർക്കാണ് ലഭിക്കുന്നത്. പാടശേഖര സമിതികൾ ഇടനിലക്കാരന്റെ നിലയിലേക്ക് മാറുന്ന അവസ്ഥയാണ് നിലവിലുള്ളത്. അസി. എൻജിനീയർ മുഖേന നടപ്പലാക്കിയ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രോജക്ടിൽ പഞ്ചായത്തിലെ നാല് സർക്കാർ സ്കൂളുകളെയും ഒഴിവാക്കി, എയ്ഡഡ് സ്കൂളുകൾക്കാണ് ആനുകൂല്യം നൽകിയത്. ഇതു ഉചിതമായില്ല. സർക്കാർ സ്കൂളുകൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	07.11.22 To 08.11.22	2022 July To Sep	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.06.20 To 12.06.20	2015-16 To 2019-20	23.09.20

1-11 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	സാദി ക്ലിനിക്, പടപ്പനാൽ	II
2	കോയിവിള സ്മാരക ക്ഷീര സഹകരണ സംഘം	I, II
3	അരിനല്ലൂർ ക്ഷീര സഹകരണ സംഘം	I, II

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം

വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.
നികുതി കുടിശ്ശിക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകൃയറി നം: 25/29.11.22

1-12 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	മാവേലി സ്റ്റോർ, പടിഞ്ഞാറ്റക്കാര	I
2	റിയ ഹോസ്പിറ്റൽ, പടപ്പനാൽ	II
3	മറിയം എക്സ്പോർട്സ്, തേവലക്കര	I, II
4	വൈദ്യൻസ് ഡെന്റൽ ക്ലിനിക്ക്	I, II
5	സാദി ക്ലിനിക്, പടപ്പനാൽ	II
6	കോയിവിള സ്മാരക ക്ഷീര സഹകരണ സംഘം	I, II
7	അരിനല്ലൂർ ക്ഷീര സഹകരണ സംഘം	I, II

നികുതി കുടിശ്ശിക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം: 25/29.11.22

1-13 റേഷൻ റീട്ടെയിൽ ഡിപ്പോകളും, മാവേലി സ്റ്റോറുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). എന്നാൽ ടി സ്ഥാപനങ്ങളെ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലെന്ന് 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി . മാവേലി സ്റ്റോറിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് നൽകി ഫീസ് ഈടാക്കിയിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ സി.എസ്.എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ റീട്ടെയിൽ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകൃയറി : 23/29.11.22

1-14 ലേലം – GST തുക കുറവായി ഈടാക്കി.

2021-22 സാമ്പത്തിക വർഷം തേവലക്കര മാർക്കറ്റ്, കോയിവിള മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്ന് അടുത്ത സാമ്പത്തിക വർഷത്തേക്ക് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം, ഗ്രാമപഞ്ചായത്ത് വക സ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം, കുളങ്ങളിൽ നിന്നും ചാലുകളിൽ നിന്നും മൽസ്യം പിടിക്കുന്നതിനുള്ള അവകാശം എന്നിവ കൈക്കൊണ്ടവരിൽ നിന്ന് ലേലത്തുകയുടെ 18% GST-യ്ക്ക് പകരം 12% GST ആണ് ഈടാക്കിയിരിക്കുന്നത്. അവയിൽ പ്രധാന ലേല ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം:	മാർക്കറ്റിന്റെ പേര്	വ്യക്തിയുടെ പേര്, മേൽവിലാസം	ലേലതുക(രൂപ)	ഈടാക്കേണ്ടുന്ന GST തുക/18% (രൂപ)	ഈടാക്കിയ GST തുക/12% (രൂപ)	കുറവ് തുക (രൂപ)
1	തേവലക്കര	നിഷ രമേശ്	10,606/-	1909/- (9%CGST + 9% SGST)	1273/-(6%CGST + 6% SGST)	636/-
2	കോയിവിള	അബ്ദുൾസലാം	58,010/-	10442/-(9%CGST + 9% SGST)	6961/-10442/- (6%CGST + 6% SGST)	3,481/-
ആകെ						4,116/-

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന GST തുക ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം: 22/29.11.22

1-15 വാടക തുകയുടെ കൂടെ 18% GST ഈടാക്കിയില്ല.

2021-22 സാമ്പത്തിക വർഷം തേവലക്കര, കോയിവിള എന്നീ മാർക്കറ്റുകളിൽ കടമുറികൾ വാടകയ്ക്ക് എടുത്തവരിൽ നിന്നും തൻവർഷം വാടകതുകയുടെ കൂടെ 18% GST തുക ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ.

ക്രമ നം.	മാർക്കറ്റിന്റെ പേര്	വ്യക്തിയുടെ പേര്, വിലാസം	കടമുറി നം.	വാടക തുക(രൂപ) (മാസം)	തൻവർഷത്തെ ആകെ വാടക തുക (രൂപ)	ഈടാക്കേണ്ട G.S.T തുക(18%)(രൂപ)
1	തേവലക്കര	രാമചന്ദ്രൻപിള്ള, ലക്ഷ്മി വിലാസം, നടുവിലക്കര	XI	843/-	843 X 12 = 10,116/-	1,821/-
2	തേവലക്കര	സുജയകുമാരി, കോതമംഗലത്ത്	XII	590/-	590 X 12 = 7,080/-	1,274/-
3	തേവലക്കര	സെക്രട്ടറി, കൈപ്പുഴ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	XIV	788/-	788 X 9 = 7,092/-	1,277/-
4	തേവലക്കര	സെക്രട്ടറി, കൈപ്പുഴ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	XV	788/-	788 X 9 = 7,092/-	1,277/-

5	കോയിവിള	ബദറുദ്ദീൻ, കുറവരയ്യത്ത്, കോയിവിള	-	586/-	586 X 12 = 7,032/-	1,266/-
ആകെ						6,915/-

GST ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. GST തുക ഈടാക്കി ഒടുക്ക് വരുത്തേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 17/26.11.22

1-16 യോഗ്യതയില്ലാത്ത വ്യക്തിയെ ലാബ് ടെക്നീഷ്യനായി നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – S0046/22

അടങ്കൽ തുക – 1,00,000/-രൂപ(തനത് ഫണ്ട്)

ചെലവ് – 1,00,000/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.1 അനുസരിച്ച് പി.എച്ച്.സി /സി.എച്ച്.സി എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ലാബ് ടെക്നീഷ്യനെ നിയമിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം കരാറടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്. തേവലക്കര പി.എച്ച്.സി, യിലെ 16.3.2018 തീയതിലെ എച്ച്.എം.സി. തീരുമാനപ്രകാരം ശ്രീമതി.രാജിയെ ലാബ് ടെക്നീഷ്യനായി നിയമിക്കുകയുണ്ടായി. ടി ജീവനക്കാരിക്ക് ലാബ് ടെക്നീഷ്യന് ആവശ്യമായ യോഗ്യതയില്ലെന്ന് ഫയൽ പരിശോധിച്ചപ്പോഴാണ് മനസിലായതെന്നും, ടി ജീവനക്കാരിയെ മാറ്റി തൽസ്ഥാനത്ത് അഭിമുഖത്തിലൂടെ യോഗ്യതയുള്ള മറ്റൊരാളെ നിയമിക്കണമെന്നും മെഡിക്കൽ ഓഫീസർ 6.10.22-ലെ തീയതിലെ എച്ച്.എം.സി. കമ്മിറ്റിയിൽ ആവശ്യപ്പെട്ടു. ടി കമ്മിറ്റിയുടെ 6-ാം നമ്പർ തീരുമാനപ്രകാരം നിലവിൽ ജോലിചെയ്യുന്ന ലാബ് ടെക്നീഷ്യന് പകരം ഇന്റർവ്യൂ നടത്തി പുതിയ ലാബ് ടെക്നീഷ്യനെ നിയമിക്കുകയും, അതുവരെ നിലവിലുള്ള ജീവനക്കാരി ജോലിയിൽ തുടരാനും തീരുമാനിച്ചു. ലാബ് ടെക്നീഷ്യന് വേണ്ടുന്ന യോഗ്യതയില്ലാതെയാണ് ടി ജീവനക്കാരി പി.എച്ച്.സിയിൽ നിലവിൽ ജോലിചെയ്ത് വേതനം കൈപ്പറ്റുന്നത്. വർഷത്തിൽ 6 മാസം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 6 മാസം എച്ച്.എം.സി.ഫണ്ടിൽ നിന്നും വേതനം നൽകി വരുന്നു. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 600/-രൂപ നിരക്കിൽ വേതനം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കാലയളവ്	വേതനം (രൂപ)
1.	4/21	13,800/-
2.	5/21	15,600/-
3.	6/21	15,000/-
4.	7/21	15,000/-
5.	8/21	13,200/-
6.	9/21	15,000/-
	ആകെ	87,600/- (ചെക്ക് നം-2380788/27.12.21)

മേൽ പ്രകാരം യോഗ്യതയില്ലാത്ത വ്യക്തിയെ ലാബ് ടെക്നീഷ്യനായി നിയമിച്ച് നാളിതുവരെ വേതനം നൽകിയതിനും, 6.10.22-ലെ തീയതിയിലെ എച്ച്.എം.സി. 6-ാം നമ്പർ തീരുമാനം നടപ്പിലാക്കാത്തതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിലെ മെഡിക്കൽ ഓഫീസർ ടി നിയമനം സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ ജീവനക്കാരിക്ക് മതിയായ യോഗ്യതയില്ലെന്ന് കണ്ടെത്തുകയും, തുടർന്ന് ആശുപത്രി വികസന സമിതി യോഗം വിളിച്ചുകൂട്ടി ഈ വിഷയം അവതരിപ്പിച്ചു. അടിസ്ഥാനയോഗ്യതയില്ലാത്തയാളെ ലാബ് ടെക്നീഷ്യനായി 4 വർഷത്തിലധികമായി നിയമിച്ച് തനത് ഫണ്ടിൽ നിന്നും, എച്ച്.എം.സി ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. ഡിജിറ്റൽ മെഷീനുകളുടെ സഹായത്തോടെയാണ് ലാബ് പരിശോധന നടത്തുന്നതെങ്കിലും റീയേജന്റുകൾ കൃത്യമായ അളവിൽ ചേർത്ത് പരിശോധന നടത്തേണ്ടതിന് മതിയായ യോഗ്യത അനിവാര്യമാണ്. അടിസ്ഥാന യോഗ്യതയില്ലാത്തയാൾ നടത്തിയ ലാബ് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സ നിർണ്ണയിച്ച നൽകിയിരുന്നത് ജനങ്ങളുടെ ആരോഗ്യം അപകടത്തിലാക്കുന്നതാണ്. ലാബ് ടെക്നീഷ്യന യോഗ്യതയില്ലെന്നറിഞ്ഞിട്ടും, അഭിമുഖം നടത്തി പുതിയൊരാളെ നിയമിക്കുന്നതുവരെ ടിയാളെ തന്നെ തുടരാൻ അനുവദിച്ച എച്ച്.എം.സി അംഗങ്ങളും മെഡിക്കൽ ഓഫീസറും ഗുരുതരമായ കൃത്യവിലോപത്തിലൂടെ ജനാരോഗ്യം അപകടത്തിലാക്കുകയാണ്. മതിയായ യോഗ്യതയില്ലാത്തയാളെ നിയമിക്കാൻ തീരുമാനമെടുത്ത എച്ച്.എം.സി അംഗങ്ങളിൽ നിന്നും, മെഡിക്കൽ ഓഫീസറിൽ നിന്നും മുൻ സാമ്പത്തിക വർഷം വരെ നൽകിയ വേതനം ഈടാക്കേണ്ടതും തൻവർഷത്തെ വേതനം 87,600/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഉചിതമായ അന്വേഷണം നടത്തി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

നിരാകരണം - 87,600/-രൂപ

ഓഡിറ്റ് എൻക്വയറി നം – 17/28.11.22

1-17 ആർദ്രം പദ്ധതി - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – S0022/22

അടങ്കൽ തുക – 13,82,055/-(തനത് ഫണ്ട്)

ചെലവ് - 13,82,055/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

ആർദ്രം മിഷന്റെ ഭാഗമായി കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ വേതനം ജി.ഒ.(പി)81/2019/ ധനം, തീയതി-9.7.2019 പ്രകാരം നൽകുന്നതാണ് പദ്ധതി.ജി.ഒ.(പി)11/2018/ധനം, തീയതി-29.1.2018/ 13-ാം സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം ചില പ്രദേശങ്ങളിൽ പി.എച്ച്.സികളിലും, സി.എച്ച്.സികളിലും ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെയും സേവനം ആവശ്യമായി വരും. മേൽ സർക്കാർ ഉത്തരവ് പ്രകാരം പി.എച്ച്.സികളിൽ ഒരു ഡോക്ടറിനെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം നിയമിച്ച് വേതനം നൽകാവുന്നതാണ്. ആയതു അനുസരിച്ച് തേവലക്കര പി.എച്ച്.സിയിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ ജീവനക്കാരെ നിയമിച്ച് യഥാക്രമം 52,600/-, 27,800/-, 22,200/-രൂപ നിരക്കിൽ വേതനം നൽകുന്നു. എന്നാൽ മേൽ സബ്സിഡി മാർഗ്ഗരേഖ/സർക്കാർ ഉത്തരവിന് വിരുദ്ധമായി മേൽ തസ്തികയിൽപ്പെട്ട ജീവനക്കാരെ കൂടാതെ ഒരു സ്റ്റാഫ് നഴ്സിനേയും, ക്ലീനിംഗ് സ്റ്റാഫിനേയും അധികം നിയമിച്ച് വേതനം നൽകിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

കാലയളവ്	പേര വിവരം	വേതനം (രൂപ)	ചെക്ക് നം.
2/22	ശ്രീമതി.തസ്നി (കാഷ്വൽ സ്വീപ്പർ) (February 16 To 28) ശ്രീമതി.നിഷ.ബി.ബാബു (സ്റ്റാഫ് നഴ്സ്) (February 16 To 28)	7,150/- 12,051/-	70307/21.3.22
3/22	ശ്രീമതി.തസ്നി (കാഷ്വൽ സ്വീപ്പർ) ശ്രീമതി.നിഷ.ബി.ബാബു (സ്റ്റാഫ് നഴ്സ്)	16,500/- 27,800/-	6253417/ 30.3.22
	ആകെ	63,501/-	

(കാഷ്വൽ സ്വീപ്പറിന്റെ സർക്കാർ അംഗീകൃത വേതനം 8,000/-രൂപയാണ്.)

മേൽ സബ്സിഡി മാർഗ്ഗരേഖ/സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്റ്റാഫ് നഴ്സിനേയും, ക്ലീനിംഗ് സ്റ്റാഫിനേയും അധികമായി നിയമിച്ച് വേതനം നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി നിയമനങ്ങൾ നടന്നത് മുൻ മെഡിക്കൽ ഓഫീസറുടെ കാലയളവിലാണെന്നും, ആയതിനാൽ ടി ജീവനക്കാരുടെ കാര്യത്തിൽ അടിയന്തിരമായി തീരുമാനം എടുത്തുനൽകണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭിക്കുന്നതുവരെ ടി ജീവനക്കാർ അവധിയിൽ പോകാൻ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ മാർഗ്ഗനിർദ്ദേശം ലംഘിച്ച് അധികം ജീവനക്കാരെ നിയമിച്ച് വേതനമിനത്തിൽ നൽകിയ 63,501/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം - 63,501/-രൂപ
ഓഡിറ്റ് എൻക്വയറി നം – 4/ 25.11.22

1-18 ഇലക്ഷൻവർക്ക് ഫെസ്റ്റിവൽ അലവൻസ് - 5,500/-രൂപ നിരാകരിക്കുന്നു.

2021-22 വർഷത്തിൽ ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ എ.എം.സി കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന താഴെപ്പറയുന്ന ഇലക്ഷൻവർക്ക്മാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	തുക(രൂപ)	ചെക്ക് നം/തീയതി
ശ്രീ.ബാബു	2,750/-	24305/17.8.21
ശ്രീ.പ്രദീപ്	2,750/-	24305/17.8.21
ആകെ	5,500/-	

എ.എം.സി കരാറടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലിചെയ്യുന്ന ഇലക്ഷൻവർക്ക്മാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയതിന് രേഖാമൂലം വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ എ.എം.സി കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഇലക്ഷൻവർക്ക്മാർക്ക് ഫെസ്റ്റിവൽ അലവൻസിനത്തിൽ നൽകിയ 5,500/-രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം – 5,500/-രൂപ

ഓഡിറ്റ് എൻക്വയറി നം.8/26.11.22

1-19 ഇ-ടെൻഡർ ഫീ വരവ് ലഭ്യമായില്ല.

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ 2021-22 വർഷത്തെ ഇ-ടെൻഡർ ഫീ വരവ് 21,920/-രൂപ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു തുക ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ടാർ ബാരൽ വില ഓഡിറ്റ് നിർദേശത്തെ തുടർന്ന ഒടുക്കു വരുത്തി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത ചുവടെ ചേർക്കുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില ജി.എസ്.ടി. ഉൾപ്പെടെ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ലായിരുന്നു. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം.2/25-11-22 നു മറുപടിയായി തുകകൾ രസീതു നം.1220103629,31/28-11-2022 പ്രകാരം ഒടുക്കി രേഖകൾ ഹാജരാക്കി.
വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ വിശദാംശം	ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.)	ബാരലുകളുടെ എണ്ണം(Vg-30-161.8kg/barell	ഈടാക്കേണ്ട വില 281/- രൂപ (238 + 18% ജി.എസ്.ടി. ഉൾപ്പെടെ)	ഈടാക്കിയ വില	കുറവ്
1.	പ്രോജക്ട് നം. : 165/22 പ്രവൃത്തിയുടെ പേര് : കോട്ടൂർ – അറ്റ്കൊലകുന്ന് റോഡ് മെയിന്റനൻസ് അടങ്കൽ: 3,49,826/-രൂപ ഫണ്ടിനം : വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്. (റോഡ്) 2,99,828/-, തനതു ഫണ്ട് 50,000/- കരാർ നം. 51/AE/LSGD/Tvl/k 2021-22 എം.ബുക്ക് നം. 51/20-21 ചെലവ് : 3,49,533/- ബിൽ നം.1/12-7-21,; ചെക്ക് നം.2380423	Vg-30-1586.22kg Rs1-174kg Ss1-181.8	12	3372/-	00	3372/-

	തുക- 49,707/- തീയതി. 108-7021 കരാറുകാരൻ-ശ്രീ. രണദേവ്					
2	പ്രോജക്ട് നം. : 151/22 പ്രവൃത്തിയുടെ പേര്: കല്ലുപുറത്ത്-പുല്ലിക്കാട് കനാൽ റോഡ് റീടാറിംഗ് അടങ്കൽ: 4,25,000/-രൂപ ഫണ്ടിനം : ജില്ലാപഞ്ചായത്ത് വിഹിതം-2,00,000/-, സി..എഫ്.സി-2,25,000/- കരാർ നം. : 58/AE/LSGD /Tvk/20-21 തീയതി. 19-2-20 എം.ബുക്ക് നം. 58/19-20 ചെലവ് : 4,23,773/-രൂപ ബിൽ നം.3/6-8-21-198773, ബിൽ നം.4/8-721-1225000 തീയതി. 2.7.2021 കരാറുകാരൻ- ശ്രീ. രണദേവ്	Vg-30-1044.95kg Rs1-136.2kg Ss1-120.75kg =	9	2529/-	00	2529/-
3	പ്രോജക്ട് നം. : 64/22 പ്രവൃത്തിയുടെ പേര്: ഇണ്ടിളിയപ്പൻക്ഷേത്രം റോഡ് റീടാറിംഗ് അടങ്കൽ: 4,70,000/-രൂപ ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്. (റോഡ്) കരാർ നം. : 19/AE/LSGD /Tvk/18-19 തീയതി.	Vg-30-2078.5kg Rs1-1208kg Ss1-153kg =	14	3934/-	2353/-	1581/-

	20.10.2018 എം.ബുക്ക് നം. 264/18-19 ചെലവ് :4,70,000/-രൂപ ബിൽ നം.13/22-2-22 കരാറുകാരൻ- ശ്രീ. നൗഷാദ്					
4	പ്രോജക്ട് നം. :82/22 പ്രവൃത്തിയുടെ പേര്: ചേന്നങ്കര ജംങ്ഷൻ സ്റ്റഡിയോ- കാച്ചവാഴക്കുളം റോഡ് റീടാറിംഗ് അടങ്കൽ: 4,70,000/-രൂപ ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്. (റോഡ്) കരാർ നം.:37/AE /LSGD/Tvlk/21-22 തീയതി. 106-2-22 എം.ബുക്ക് നം.37/21-22, ചെലവ് :4,70,000/- ബിൽനമ്പർ. 17/10-3-22 കരാറുകാരൻ- ശ്രീ. രാജേഷ് കുമാർ	Vg-30-3020.3kg Rs1-297kg	20	5620/-	4777/-	843/-
5	പ്രോജക്ട് നം. :73/22 പ്രവൃത്തിയുടെ പേര്: എൻ.എസ്.എസ് കരയോഗം മുതൽകല്ലുപുറം ജംങ്ഷൻ റോഡ് റീടാറിംഗ് അടങ്കൽ: 4,70,000/-രൂപ ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്. (റോഡ്)	Vg-30-3011kg Rs1-294kg	19	5339/-	4777/-	562/-

	കരാർ നം.:23/AE /LSGD/Tvlk /21-22തീയതി. 06-01-22 എം.ബുക്ക് നം.09/21-22 ചെലവ് :4,70,000/- ബിൽനമ്പർ. 15- തീയതി. 9-3-22 കരാറുകാരൻ- ശ്രീ. അനിൽ കുമാർ					
			ആകെ			8,887/-

1-21 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സർക്കാർ സ്കൂളുകളെ ഒഴിവാക്കി.

പ്രോജക്ട് നം. 147/22 - എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (സ്പിൽ ഓവർ)
അടങ്കൽ – 7,87,000/- (6,87,000/-കേന്ദ്രാവിഷ്കൃതം, 1,00,000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)
ചെലവ് - 4,97,102/-(ചെക്ക് നം.566002/21-2-22 തുക – 1,85,744/-, ചെക്ക് നം.566003/21–2-22 തുക-1,85,744/-, ചെക്ക് നം.566004/21-2-22 തുക - 58,744/-, ചെക്ക് നം.566009/30-3-22 തുക-66,870/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ
ഈ പ്രോജക്ട് പ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് മുഖേന പഞ്ചായത്തിലെ മൂന്നു എയ്ഡഡ് സ്കൂളുകളിൽ എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിരിക്കുന്നു. ഒരു യൂണിറ്റിനു നികുതികൾ ഉൾപ്പടെ 2,08,034/-രൂപ വീതം 6,24,102/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി 2019-20 വർഷത്തിൽ മുൻകൂറായി 1,27,000/-രൂപ നൽകിയിരുന്നു. പഞ്ചായത്തിലെ 4 സർക്കാർ എൽ.പി സ്കൂളുകളെ പൂർണ്ണമായും പദ്ധതിയിൽ നിന്നും ഒഴിവാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്. സർക്കാർ സ്കൂളുകളിൽ ഒന്നും തന്നെ ഇത്തരം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമായിട്ടില്ല. യൂണിറ്റ് സ്ഥാപിച്ചിരിക്കുന്ന സ്കൂളുകളിൽ, 2021 മെയ് മാസത്തിൽ സ്ഥാപിച്ച ഈ യൂണിറ്റുകൾ, അസി. എൻജിനീയറുമായി നടത്തിയ സ്ഥല പരിശോധനയിൽ മുസ്ലിം എൽ.പി. എസ് പാലയ്ക്കൽ, ഐ.ഐ യു.പി.എസ് നടുവേലിക്കര എന്നിവിടങ്ങളിൽ യൂണിറ്റുകൾ നാളിതുവരെ പ്രവർത്തിച്ചിട്ടില്ല എന്നു കണ്ടു. എസ്.ഐ എൽ.പി.എസ് മുള്ളിക്കടയിൽ ആഹാര അവശിഷ്ടങ്ങൾ നിറച്ചിട്ടിരിക്കുന്നതായി കാണപ്പെട്ടു. യൂണിറ്റുകൾ എപ്രകാരം പ്രവൃത്തിപ്പിക്കണമെന്ന് അറിയില്ല എന്ന് സ്കൂൾ അധികാരികൾ അറിയിച്ചു. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള മാർഗ നിർദേശം ലഭ്യമാക്കി ആയവ ഉപയോഗപ്രദമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സർക്കാർ സ്കൂളുകളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം 22/2018 ത.സ്വ.ഭ.വ തീ.14.02.2018 ഖ.7(6) പ്രകാരം സർക്കാർ സ്കൂളുകളിൽ ശുചിത്വ സൌകര്യങ്ങൾ ഏർപ്പെടുത്തിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയുണ്ടായിരിക്കെ മാർഗ്ഗരേഖകൾക്കനുസൃതമല്ലാതെ സർക്കാർ സ്കൂളുകളിൽ മാലിന്യ നിർമ്മാർജന സംവിധാനം ഒരുക്കാതെ തുക ചെലവഴിച്ചതിനാലും കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കാത്തതിനാലും ചെലവ് തുക 6,24,102/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 15/26.11.22
തടസ്സപ്പെടുത്തുന്ന തുക – 6,24,102/-രൂപ

1-22 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ - പൾസ് ഓക്സിമീറ്റർ തിരികെ ലഭിക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-S0052/22

അടങ്കൽ തുക – 4,00,000/-(തനത് ഫണ്ട്)

ചെലവ് – 2,69,285/-

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി മേൽ പദ്ധതി പ്രകാരം യൂണിക്ക് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും പൾസ് 115 ഓക്സിമീറ്റർ വാങ്ങി. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	എണ്ണം	തുക(രൂപ)	ചെക്ക് നം.
1.	60	72,000/-	2380751/16.8.21
2.	55	66,000/-	2380794/27.1.22
	ആകെ	1,38,000/-	

മെഡിക്കൽ ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 115 പൾസ് ഓക്സിമീറ്റർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നൽകി. കോവിഡ് പ്രതിരോധ ഉപയോഗത്തിന് ശേഷം ടി ഉപകരണങ്ങൾ തിരികെ പി.എച്ച്.സി ക്ക് നാളിതുവരെ നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ഉപകരണങ്ങൾ തിരികെ പി.എച്ച്.സിക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ 115 പൾസ് ഓക്സിമീറ്റർ ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കി പി.എച്ച്.സിയുടെ സ്റ്റോക്കിലെടുത്ത് വിവരം രേഖാമൂലം അറിയിക്കുന്നതുവരെ 1,38,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 1,38,000/-രൂപ
ഓഡിറ്റ് എൻക്വയറി നം - 5/26.11.22

1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ആദ്യഗഡു കൈപ്പറ്റിയിട്ട് പഠനമുറി നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ-S0060/22

അടങ്കൽ തുക - 25,50,000/-(22,71,074/- വികസനഫണ്ട് (എസ്.സി.പി) + 2,78,926/-തനത് ഫണ്ട്)

ചെലവ് - 5,70,000/-(വികസനഫണ്ട്-എസ്.സി.പി)

നിർവ്വഹണം – ഹെഡ് മിസ്ട്രസ്സ്

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 അനുസരിച്ച് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാവുന്നതാണ്. 2021-22 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	ഗുണഭോക്താവിന്റെ പേരുവിവരം	കൈപ്പറ്റിയ തുക (രൂപ)	ബിൽ നം. /തീയതി
1.	ആർദ്ര.ആർ, മുളകുളത്തുതറയിൽ, മൊട്ടയ്ക്കൽ, തേവലക്കര	50,000/-	19/7.3.22
2.	ശ്രുതി.ആർ, ഉള്ളുരുപ്പിൽ വടക്കതിൽ, അരിനല്ലൂർ, തേവലക്കര	50,000/-	22/23.3.22
	ആകെ	1,00,000/-	

മേൽ ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടിവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പഠനമുറി നിർമ്മിക്കുന്നതിന് വേണ്ടി നൽകിയ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഠനമുറി എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടിവിവരം ലഭ്യമാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം - 1,00,000/-രൂപ
ഓഡിറ്റ് എൻക്വയറി നം - 18/28.11.22

1-24 പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്ന് ലഭ്യമായിട്ടില്ല - 97,283/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-S0033/22

അടങ്കൽ തുക – 16,48,190/- (11,00,000/-വികസനഫണ്ട്- ജനറൽ + 98,190/-(തനത്ഫണ്ട്) + 2,50,000/-(ബ്ലോക്ക് വിഹിതം) + 2,00,000/- (ജില്ലാ വിഹിതം))

ചെലവ് – 2,68,890/-(2,43,447/- (മരുന്ന്) + 25,443/- (വേതനം, ടെലഫോൺ ചാർജ്))

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്. സി

2021-22 വർഷത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്ന് വാങ്ങുകയെന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 2,68,890/-രൂപ (ബിൽ നം-17/3.12.21) നൽകി. ആയതിന് 1,46,164/-രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ പി.എച്ച്.സിക്ക് നൽകിയിട്ടുള്ളൂ. ശേഷിച്ച 97,283/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടിവിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് വേഗത്തിൽ തരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 97,283/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 97,283/-രൂപ
ഓഡിറ്റ് എൻക്വയറി നം.5/17.10.21

1-25 ജീവനം പദ്ധതി - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി ജീവനം പദ്ധതി നടത്തിപ്പിനായി ₹2,00,000/-ഗ്രാമപഞ്ചായത്ത് വിഹിതം കൊല്ലം ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	തുക(രൂപ)	ഫണ്ട് ഇനം	ബിൽ നം./തീയതി

50/22	2,00,000/-	വികസന ഫണ്ട് പൊതുവിഭാഗം	23/21-22, 20.1.21

തുക ജില്ലാപഞ്ചായത്ത് കൈപ്പറ്റിയതിന്റേയോ വിനിയോഗിച്ചതിന്റേയോ വിവരം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് വിനിയോഗ വിവരം ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. തുകയുടെ കൈപ്പറ്റ് വിവരം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാലും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും ₹2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,00,000/-രൂപ
ഓഡിറ്റ് എൻക്വയറി നം – 13/26.11.22

1-26 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	അടങ്കൽ (₹)	ചെലവു തുക (₹)	ബിൽ നം./തീയതി	തുക നൽകിയത് (₹)	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹)
37/22 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ	3,00,000/- (മെയി. ഫണ്ട്-റോഡിതരം)	3,00,000/-	09/21-22 07.02.22	3,00,000	3,00,000/-

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി നല്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതു വരെ 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക : 3,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം : 24/29.11.22

1-27 അധിക നിരക്കിൽ ടെൻഡർ എക്സസ് നൽകാൻ ബിൽ തയ്യാറാക്കി.

പ്രോജക്ട് നം. 73/22
എൻ.എസ്.എസ് കരയോഗം മുതൽ കല്ലുപുറം ജംഗ്ഷൻ വരെ ടാറിംഗ്
അടങ്കൽ - 4,70,000/-
കരാറുകാരൻ – ശ്രീ. അനിൽ കുമാർ
ചെലവ് - 4,70,000/-(ബിൽ നം.15/9-3-22)
2016 DSR നിരക്കിലില്ലുള്ള ടി പ്രവൃത്തിക്ക് 10% ടെൻഡർ എക്സസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഡി.ബി./21/ഇ.ഇ/ത.സ്വ.ഭ.വ കൊല്ലം തീ.28.12.21 പ്രകാരം അനുമതി ലഭിച്ചിരുന്നു. പഞ്ചയത്ത് അസി.എൻജിനീയറുമായി നടത്തിയ നെഗോസിയേഷൻ പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9% അധികം നിരക്കിൽ പ്രവൃത്തിക്ക് ശ്രീ. അനിൽ കുമാറുമായി കരാർ വച്ചിരുന്നു. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ 10% ടെൻഡർ എക്സസ് നൽകി ബിൽ തയ്യാറാക്കിയിരിക്കുന്നു. ഇതു പ്രകാരം 4,692/-രൂപ കരാറുകാരനു കൂടുതൽ നൽകേണ്ടി വരുന്നു. ടി സാമ്പത്തിക വർഷത്തിൽ ടെൻഡർ എക്സസ് നല്കാൻ ഫണ്ട് വകയിരുത്തൽ ഇല്ലാത്തതിനാൽ തുക

നൽകിയിട്ടില്ല. പ്രവൃത്തിക്ക് നൽകാവുന്ന ടെൻഡർ എക്സസ് പ്രകാരമുള്ള തുക ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം.3 നു തുക രസീത് നം.1220103629 28-11-22 പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്.

നൽകാവുന്ന തുക (രൂപ)	ബിൽ പ്രകാരം നൽകിയ തുക/നൽകാനുള്ള തുക (രൂപ)
പ്രവൃത്തി മൂല്യം - 4,18,965/- ടെൻഡർ എക്സസ് – 37,707/- ജി എസ് റ്റി - 54,801/- ആകെ - 5,11,473/-	പ്രവൃത്തി മൂല്യം - 4,18,965/- ടെൻഡർ എക്സസ് – 41897/- ജി എസ് റ്റി - 55,303/- ആകെ – 5,16,165/-
വകയിരുത്തിയ ഫണ്ടിൽ നിജപ്പെടുത്തി നൽകിയ തുക – 4,70,000/- ബാലൻസ് നൽകാവുന്ന തുക – 41,473/-	വകയിരുത്തിയ ഫണ്ടിൽ നിജപ്പെടുത്തി നൽകിയ തുക - 4,70,000/- ബാലൻസ് നൽകാൻ ബിൽ പ്രകാരം ഉള്ള തുക -46,165/-

1-28 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ " സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് " എന്ന പ്രോജക്ടിനായി (നം.221/22) സി എഫ് സി ഫണ്ടിൽ നിന്നും ₹1,42,900/- (ബിൽ നം.35/21-22 26.03.22) പിൻവലിച്ച് നിർവ്വഹണ ഏജൻസിയായ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വാർഡിലും ഉൾപ്പെട്ട വീടുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തുന്നതിനും ആയതിനനുസരിച്ചുള്ള ക്യൂ ആർ കോഡ് വീടുകളിൽ പതിച്ച് ഖരമാലിന്യ ശേഖരണത്തിന്റെ വിവരങ്ങൾ തത്സമയം തന്നെ അപ്ഡേറ്റ് ചെയ്യുന്നതിനുമായിട്ടാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

ഈ പ്രോജക്ടിന്റെ നടത്തിപ്പ് പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 1/24.11.22) നുള്ള മറുപടിയിൽ കെൽട്രോണിന്റെ നേതൃത്വത്തിൽ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും നാളിതുവരെ ഏഴ വാർഡുകളിലെ മുഴുവൻ വീടുകളിലും ക്യൂ ആർ കോഡ് പതിച്ചിട്ടുള്ളതായും 2023 ജനുവരി മാസത്തോടെ പദ്ധതി ലക്ഷ്യം കൈവരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ 1,42,900/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,42,900/-രൂപ
ഓഡിറ്റ് എൻക്വയറി നം. 1/24.11.22

1-29 ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി (എസ്.സി.പി) പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി 2021 വർഷം കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ മൂന്ന് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം

രൂപയാണ് അനുവദിക്കുന്നത്.

കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി	അനുവദിച്ച തുക ₹	എഗ്രിമെന്റ് തീയതി / ആദ്യഗഡു അനുവദിച്ച തീയതി
1	രജനി, തുളസി ഭവനം, വാർഡ് നം.17	40,000/-	12.02.21
2	രാജേഷ്, രാജേഷ് ഭവനം, വാർഡ് നം.18	40,000/-	03.03.21
3	ശ്യാമള, പറപ്പേഴത്ത്, വാർഡ് നം.5	40,000/-	02.08.21

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/29.11.20) നുള്ള മറുപടിയിൽ ശ്രീമതി രജനി എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പുനരാരംഭിച്ചിട്ടുള്ളതിനാൽ 2022-23 സാമ്പത്തിക വർഷത്തിൽ ₹1,00,000/- കൂടി അനുവദിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മറ്റ് ഗുണഭോക്താക്കൾക്ക് 24.11.21 ന് ഈ വിഷയത്തിൽ നോട്ടീസ് നല്കിയിട്ടുണ്ടെന്നും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു.

പ്രോജക്ട് പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

1-30 ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ തിരിച്ചടവ് - മുതൽ, പലിശ തിരിച്ചടവ് ഗഡുക്കൾ കൃത്യമായി കണക്കാക്കിയിട്ടില്ല.

വാർഷിക പദ്ധതിയിലെ 'ഭവന പദ്ധതി ലോൺ മുതൽ തിരിച്ചടവ് (നം.61/22), ലോൺ പലിശ അടവ് (നം.62/22)' എന്നീ പ്രോജക്ടുകൾ പ്രകാരം 'വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – തേവലക്കര സർക്കിൾ ' തൻവർഷം ആകെ ₹21,58,857/- തേവലക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.	തനത് ഫണ്ടിൽ നിന്നും നല്കിയ തുക (രൂപ)	ചെക്ക് നം.
61	₹13,20,000/-	2380767/07.10.21
62	₹8,38,857/-	2380760 / 13.09.21 (₹3,90,331/-) 6253415 / 25.3.22 (₹4,48,526/-)

ബാങ്കിൽ നിന്നും ലഭിച്ച ലോൺ സ്റ്റേറ്റുമെന്റ് പ്രകാരം ലോൺ നമ്പർ 0133000001 ന്റെ 30.03.22 ലെ ബാധ്യത ₹35,32,242/- ഉം ലോൺ നമ്പർ 0133000002 ന്റെ 30.03.22 ലെ ബാധ്യത ₹17,07,195/-ഉം ഉൾപ്പടെ ആകെ ₹52,39,437/-ടെ ബാധ്യത ഉണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോൺ രജിസ്റ്റർ പ്രകാരം 30.03.22 ലെ ബാധ്യത ₹43,01,000/- മാത്രമാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ എന്നിവർക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ്

(നം.16/26.11.22) നല്കിയതിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ബാങ്കിൽ നിന്നും ലഭ്യമാക്കിയ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പരിഗണിച്ചാണ് തുകകൾ ഒടുക്കിയതെന്ന് പറഞ്ഞിട്ടുണ്ട്.

ലോൺ എടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം, പലിശനിരക്ക്, പലിശ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കണക്കാക്കിയിട്ടുള്ള ബാധ്യതയും ബാങ്ക് നല്കിയ കുടിശിക ഡിമാന്റ് തുകയും വ്യത്യസ്തമായതിനാൽ ഒടുക്കേണ്ട ഗഡുക്കളുടെ കൃത്യത നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. ഒടുക്കേണ്ട പലിശയായി ഗ്രാമപഞ്ചായത്ത് കണക്കാക്കിയിട്ടുള്ള തുക സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നടത്തിയ ₹21,58,857/- ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കണക്കുകളിലെ വ്യതിയാനം പരിശോധിച്ച് കൃത്യമായ ലോൺ ബാധ്യത തിട്ടപ്പെടുത്തി, ഒടുക്കേണ്ട പലിശ തുക കണക്കാക്കി ലോൺ വിവരങ്ങൾ ക്രമീകരിച്ച് രേഖകൾ കൃത്യമാക്കേണ്ടതും ആയതിന്റെയടിസ്ഥാനത്തിൽ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.
തടസ്സപ്പെടുത്തുന്ന തുക – 21,58,857/-രൂപ

1-31 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളും പദ്ധതി ചെലവിൽ പ്രതിഫലിച്ചിട്ടില്ല.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിന്റെ ഗ്രാന്റ് സ്റ്റേറ്റുമെന്റ്, സുലേഖ സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരമുള്ള ചെലവ് ₹40,13,319/- ആണെങ്കിലും എ സി ആർ പ്രകാരമുള്ള ചെലവ് ₹43,20,329/- ആണ്. കൂടാതെ പ്രോജക്ട് നം.114/22 പ്രകാരം സി എഫ് സി ടൈഡ് ഫണ്ടിൽ നിന്നും വൗച്ചർ നം. XVFC/2021-22/P/38 പ്രകാരം ₹4,00,000/- ബാങ്ക് അക്കൗണ്ടിൽ നിന്നും 31.03.22 ന് പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് സുലേഖ സ്റ്റേറ്റുമെന്റിലോ ഗ്രാന്റ് സ്റ്റേറ്റുമെന്റിലോ എ സി ആറിലോ പ്രതിഫലിച്ചിട്ടില്ല.

ഈ അപാകതകൾക്കുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.21/22 27.11.22) ന് താഴെ പറയുന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(I) എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ " പനച്ചിവിള കരിങ്ങാട്ടിൽ ഓട നിർമ്മാണം - മൂന്നാം റീച്ച് - വാർഡ് 19" എന്ന പ്രോജക്ടിന് (നം.110/22) ₹3,07,010/- ചെലവ് വന്നിട്ടുണ്ടെങ്കിലും സാംഖ്യ വെബിൽ പ്രസ്തുത പ്രോജക്ടിന് റിക്വിസിഷൻ നം.5035113601210045 പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സാങ്കേതിക പ്രശ്നം മൂലം സുലേഖ സോഫ്ട് വെയറിൽ ഈ പ്രോജക്ടിന്റെ ചെലവ് തുക പ്രതിഫലിച്ചിട്ടില്ലാത്തതാണ് (വൗച്ചർ നം.XVFC/2021-22/P/22).

(Ii) എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ " സൂര്യ തിയേറ്റർ കല്ലിരിക്കൽ മുക്ക് റോഡിൽ ചക്കാല ജംഗ്ഷൻ മുതൽ കാട്ടിൽ ഭാഗം വരെ ഓടയ്ക്ക് കവറിംഗ് സ്ലാബ് - വാർഡ് 14 " എന്ന പ്രോജക്ടിന് (നം.114/22) ₹4,00,000/- സി എഫ് സി ടൈഡ് ഗ്രാന്റിൽ നിന്നും ഇ-ഗ്രാം സ്വരാജ് സോഫ്ട് വെയർ വഴി ചെലവ് നടന്നിട്ടുള്ളതാണെങ്കിലും ഈ പ്രോജക്ടിന് സാംഖ്യ വെബ് വഴി തയ്യാറാക്കിയ 5035113601210076 നമ്പർ റിക്വിസിഷൻ ക്യാൻസൽ ചെയ്തതിനാൽ ചെലവ് തുക സുലേഖ സോഫ്ട് വെയറിലോ എ സി ആർ ലോ പ്രതിഫലിച്ചിട്ടില്ലാത്തതാണ് (XVFC/2021-22/P/38 30.03.22).

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വൗച്ചറുകൾ ജനറേറ്റ് ചെയ്ത് ചെലവുകൾ നടത്തുകയും ആയത് ഗ്രാമപഞ്ചായത്ത് പ്രോജക്ട് ചെലവായി പ്രതിഫലിക്കാതിരിക്കുയും ചെയ്യുന്നത് ഗുരുതരമായ

അപാകതയാണ്. റിക്വിസിഷൻ നടത്തി ക്യാൻസലേഷൻ നടത്തുമ്പോൾ പേമെന്റ് നടത്തിയ വൗച്ചർ ക്യാൻസൽ ആയി പോയിക്കഴിഞ്ഞ പ്രസ്തുത ചെലവ് സാങ്കേതിക പ്രശ്നം മൂലം സുലേഖയിൽ പ്രതിഫലിച്ചിട്ടില്ലായെന്നും പറഞ്ഞിട്ടുണ്ട്.

മേൽ അപാകതകൾ ചെലവ് കണക്കുകളിലെ കൃത്യതയെ ബാധിക്കുന്നതിനാൽ ഐ കെ എം ൽ നിന്നുള്ള വിശദീകരണം തേടി, തുടർ നടപടികൾ സ്വീകരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിവരം ഭരണവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേൽ അപാകതയ്ക്കുള്ള വിശദീകരണം ജില്ലാ ഓഫീസർ മുഖേന ലഭ്യമാക്കേണ്ടതാണ്.

1-32 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ എസ് ഇ ബി, കേരള ജല അതോറിറ്റി, പി ഡബ്ലു ഡി എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. അഡ്ജസ്റ്റ് ചെയ്തിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

ക്രമ നം.	ധനകാര്യ പത്രികയിലെ ഹെഡ്കോഡ്	തുക സ്വീകരിച്ച സ്ഥാപനം	31.03.22 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക ₹
1	460500201	കേരള വാട്ടർ അതോറിറ്റി	12,79,853/-
2	460500202	കേരള ഇലക്ട്രിസിറ്റി ബോർഡ്	15,79,495/-
3	460500203	കേരള പി ഡബ്ലു ഡി	1,99,364/-

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/21-22 30.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഏതൊക്കെ പ്രവൃത്തികൾ/പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കിയ വൗച്ചർ/ ബിൽ നം./ചെക്ക് നം., തീയതി, സ്ഥാപനം, പ്രോജക്ട് നം., ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 യോഗ്യതയില്ലാത്ത വ്യക്തിയെ ലാബ് ടെക്നീഷ്യനായി നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – S0046/22

അടങ്കൽ തുക – 1,00,000/-രൂപ(തനത് ഫണ്ട്)

ചെലവ് – 1,00,000/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.1 അനുസരിച്ച് പി.എച്ച്.സി /സി.എച്ച്.സി എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ലാബ് ടെക്നീഷ്യനെ നിയമിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം കരാറടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്. തേവലക്കര പി.എച്ച്.സി, യിലെ 16.3.2018 തീയതിലെ എച്ച്.എം.സി. തീരുമാനപ്രകാരം ശ്രീമതി.രാജിയെ ലാബ് ടെക്നീഷ്യനായി നിയമിക്കുകയുണ്ടായി. ടി ജീവനക്കാരിക്ക് ലാബ് ടെക്നീഷ്യന് ആവശ്യമായ യോഗ്യതയില്ലെന്ന് ഫയൽ പരിശോധിച്ചപ്പോഴാണ് മനസിലായതെന്നും, ടി ജീവനക്കാരിയെ മാറ്റി തൽസ്ഥാനത്ത് അഭിമുഖത്തിലൂടെ യോഗ്യതയുള്ള മറ്റൊരാളെ നിയമിക്കണമെന്നും മെഡിക്കൽ ഓഫീസർ 6.10.22-ലെ തീയതിലെ എച്ച്.എം.സി. കമ്മിറ്റിയിൽ ആവശ്യപ്പെട്ടു. ടി കമ്മിറ്റിയുടെ 6-ാം നമ്പർ തീരുമാനപ്രകാരം നിലവിൽ ജോലിചെയ്യുന്ന ലാബ് ടെക്നീഷ്യന് പകരം ഇന്റർവ്യൂ നടത്തി പുതിയ ലാബ് ടെക്നീഷ്യനെ നിയമിക്കുകയും, അതുവരെ നിലവിലുള്ള ജീവനക്കാരി ജോലിയിൽ തുടരാനും തീരുമാനിച്ചു. ലാബ് ടെക്നീഷ്യന് വേണ്ടുന്ന യോഗ്യതയില്ലാതെയാണ് ടി ജീവനക്കാരി പി.എച്ച്.സിയിൽ നിലവിൽ ജോലിചെയ്ത് വേതനം കൈപ്പറ്റുന്നത്. വർഷത്തിൽ 6 മാസം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 6 മാസം എച്ച്.എം.സി.ഫണ്ടിൽ നിന്നും വേതനം നൽകി വരുന്നു. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 600/-രൂപ നിരക്കിൽ വേതനം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കാലയളവ്	വേതനം (രൂപ)
1.	4/21	13,800/-
2.	5/21	15,600/-
3.	6/21	15,000/-
4.	7/21	15,000/-
5.	8/21	13,200/-
6.	9/21	15,000/-
	ആകെ	87,600/- (ചെക്ക് നം-2380788/27.12.21)

മേൽ പ്രകാരം യോഗ്യതയില്ലാത്ത വ്യക്തിയെ ലാബ് ടെക്നീഷ്യനായി നിയമിച്ച് നാളിതുവരെ വേതനം നൽകിയതിനും, 6.10.22-ലെ തീയതിയിലെ എച്ച്.എം.സി. 6-ാം നമ്പർ തീരുമാനം നടപ്പിലാക്കാത്തതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിലെ മെഡിക്കൽ ഓഫീസർ ടി നിയമനം സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ ജീവനക്കാരിക്ക് മതിയായ യോഗ്യതയില്ലെന്ന് കണ്ടെത്തുകയും, തുടർന്ന് ആശുപത്രി വികസന സമിതി യോഗം വിളിച്ചുകൂട്ടി ഈ വിഷയം അവതരിപ്പിച്ചു. അടിസ്ഥാനയോഗ്യതയില്ലാത്തയാളെ ലാബ് ടെക്നീഷ്യനായി 4 വർഷത്തിലധികമായി നിയമിച്ച് തനത് ഫണ്ടിൽ നിന്നും, എച്ച്.എം.സി ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. ഡിജിറ്റൽ മെഷീനുകളുടെ സഹായത്തോടെയാണ് ലാബ് പരിശോധന

നടത്തുന്നതെങ്കിലും റീയേജന്റുകൾ കൃത്യമായ അളവിൽ ചേർത്ത് പരിശോധന നടത്തേണ്ടതിന് മതിയായ യോഗ്യത അനിവാര്യമാണ്. അടിസ്ഥാന യോഗ്യതയില്ലാത്തയാൾ നടത്തിയ ലാബ് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സ നിർണ്ണയിച്ചു നൽകിയിരുന്നത് ജനങ്ങളുടെ ആരോഗ്യം അപകടത്തിലാക്കുന്നതാണ്. ലാബ് ടെക്നീഷ്യനു യോഗ്യതയില്ലെന്നറിഞ്ഞിട്ടും, അഭിമുഖം നടത്തി പുതിയൊരാളെ നിയമിക്കുന്നതുവരെ ടിയാളെ തന്നെ തുടരാൻ അനുവദിച്ച എച്ച്.എം.സി അംഗങ്ങളും മെഡിക്കൽ ഓഫീസറും ഗുരുതരമായ കൃത്യവിലോപത്തിലൂടെ ജനാരോഗ്യം അപകടത്തിലാക്കുകയാണ്. മതിയായ യോഗ്യതയില്ലാത്തയാളെ നിയമിക്കാൻ തീരുമാനമെടുത്ത എച്ച്.എം.സി അംഗങ്ങളിൽ നിന്നും, മെഡിക്കൽ ഓഫീസറിൽ നിന്നും മുൻ സാമ്പത്തിക വർഷം വരെ നൽകിയ വേതനം ഈടാക്കേണ്ടതും തൻവർഷത്തെ വേതനം 87,600/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഉചിതമായ അന്വേഷണം നടത്തി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

നിരാകരണം - 87,600/-രൂപ

ഓഡിറ്റ് എൻക്വയറി നം – 17/28.11.22

3-2 ആർദ്രം പദ്ധതി - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – S0022/22

അടങ്കൽ തുക – 13,82,055/-(തനത് ഫണ്ട്)

ചെലവ് - 13,82,055/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

ആർദ്രം മിഷന്റെ ഭാഗമായി കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ വേതനം ജി.ഒ.(പി)81/2019/ ധനം, തീയതി-9.7.2019 പ്രകാരം നൽകുന്നതാണ് പദ്ധതി.ജി.ഒ.(പി)11/2018/ധനം, തീയതി-29.1.2018/ 13-ാം സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം ചില പ്രദേശങ്ങളിൽ പി.എച്ച്.സികളിലും, സി.എച്ച്.സികളിലും ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെയും സേവനം ആവശ്യമായി വരും. മേൽ സർക്കാർ ഉത്തരവ് പ്രകാരം പി.എച്ച്.സികളിൽ ഒരു ഡോക്ടറിനെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷന്റെ മാനദണ്ഡപ്രകാരം നിയമിച്ച് വേതനം നൽകാവുന്നതാണ്. ആയതു അനുസരിച്ച് തേവലക്കര പി.എച്ച്.സിയിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ ജീവനക്കാരെ നിയമിച്ച് യഥാക്രമം 52,600/-, 27,800/-, 22,200/-രൂപ നിരക്കിൽ വേതനം നൽകുന്നു. എന്നാൽ മേൽ സബ്സിഡി മാർഗ്ഗരേഖ/സർക്കാർ ഉത്തരവിന് വിരുദ്ധമായി മേൽ തസ്തികയിൽപ്പെട്ട ജീവനക്കാരെ കൂടാതെ ഒരു സ്റ്റാഫ് നഴ്സിനേയും, ക്ലീനിംഗ് സ്റ്റാഫിനേയും അധികം നിയമിച്ച് വേതനം നൽകിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

കാലയളവ്	പേരു വിവരം	വേതനം (രൂപ)	ചെക്ക് നം.
2/22	ശ്രീമതി.തസ്നി (കാഷ്വൽ സ്വീപ്പർ) (February 16 To 28) ശ്രീമതി.നിഷ.ബി.ബാബു (സ്റ്റാഫ് നഴ്സ്) (February 16 To 28)	7,150/- 12,051/-	70307/21.3.22
3/22	ശ്രീമതി.തസ്നി (കാഷ്വൽ സ്വീപ്പർ) ശ്രീമതി.നിഷ.ബി.ബാബു	16,500/- 27,800/-	6253417/ 30.3.22

	(സ്റ്റാഫ് നഴ്സ്)		
	ആകെ	63,501/-	

(കാഷ്വൽ സ്വീപ്പറിന്റെ സർക്കാർ അംഗീകൃത വേതനം 8,000/-രൂപയാണ്.)

മേൽ സബ്സിഡി മാർഗ്ഗരേഖ/സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്റ്റാഫ് നഴ്സിനേയും, ക്ലീനിംഗ് സ്റ്റാഫിനേയും അധികമായി നിയമിച്ച് വേതനം നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി നിയമനങ്ങൾ നടന്നത് മുൻ മെഡിക്കൽ ഓഫീസറുടെ കാലയളവിലാണെന്നും, ആയതിനാൽ ടി ജീവനക്കാരുടെ കാര്യത്തിൽ അടിയന്തിരമായി തീരുമാനം എടുത്തുനൽകണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭിക്കുന്നതുവരെ ടി ജീവനക്കാർ അവധിയിൽ പോകാൻ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ മാർഗ്ഗനിർദ്ദേശം ലംഘിച്ച് അധികം ജീവനക്കാരെ നിയമിച്ച് വേതനമിനത്തിൽ നൽകിയ 63,501/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം - 63,501/-രൂപ
ഓഡിറ്റ് എൻക്വയറി നം – 4/ 25.11.22

3-3 ഇലക്ഷീഷ്യൻമാർക്ക് ഫെസ്റ്റിവൽ അലവൻസ് - 5,500/-നിരാകരിക്കുന്നു.

2021-22 വർഷത്തിൽ ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ എ.എം.സി കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന താഴെപ്പറയുന്ന ഇലക്ഷീഷ്യൻമാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	തുക(രൂപ)	ചെക്ക് നം /തീയതി
ശ്രീ.ബാബു	2,750/-	24305/17.8.21
ശ്രീ.പ്രദീപ്	2,750/-	24305/17.8.21
ആകെ	5,500/-	

എ.എം.സി കരാറടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലിചെയ്യുന്ന ഇലക്ഷീഷ്യൻമാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകിയതിന് രേഖാമൂലം വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ എ.എം.സി കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഇലക്ഷീഷ്യൻമാർക്ക് ഫെസ്റ്റിവൽ അലവൻസിനത്തിൽ നൽകിയ 5,500/-രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം – 5,500/-രൂപ
ഓഡിറ്റ് എൻക്വയറി നം.8/26.11.22

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം ന ൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2021-22	25.11.22	കെ.എസ്.എ.കെ.എൽ.എം.പി.2/2294/23

		തീയതി. 24.03.23

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ട് നം./പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2021-22	2,55,000/-	12/നെൽകൃഷി വികസനം	2,55,000/-	0
"	"	2,50,000/-	24/അംഗൻവാടി അന്നപൂരക പോഷകാഹാര വിതരണം	2,50,000/-	0
"	"	2,50,000/-	25/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	2,50,000/-	0
"	"	17,00,000/-	54/ലൈഫ് മിഷൻ പദ്ധതി	17,00,000/-	0
"	"	15,00,000/-	57/ലൈഫ് മിഷൻ പദ്ധതി (പട്ടികജാതി)	15,00,000/-	0
ജില്ലാ പഞ്ചായത്ത്	"	1,00,000/-	24/അംഗൻവാടി അന്നപൂരക പോഷകാഹാര വിതരണം	1,00,000/-	0
"	"	1,70,400/-	25/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	1,70,400/-	0
"	"	12,50,288/-	54/ലൈഫ് മിഷൻ പദ്ധതി	12,50,288/-	0
"	"	29,90,850/-	57/ലൈഫ് മിഷൻ പദ്ധതി(പട്ടികജാതി)	29,90,850/-	0
"	"	1,98,773/-	കല്ലംപുറത്തു പുല്ലിക്കാട് കനാൽ റോഡ് മെറ്റലിംഗും ടാറിങ്ങും, വാർഡ് - 9	1,98,773/-	0
"	"	46,880/-	പടുത കുളത്തിൽ മൽസ്യ കൃഷി	46,880/-	0

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക(രൂപ)	ചെലവഴിച്ച തുക(രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)
KSEB	Post Shifting	Project No. 179/22	1,57,457/-	1,57,457/-	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

(I) ലൈഫ് ഭവന നിർമ്മാണ വായ്പ

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,17,60,000/- വരവുണ്ട്. മുൻബാക്കി യടക്കം ₹1,43,53,253/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി		₹1,17,60,000/-	₹4,26,04,959/-	₹78,46,666/-	0	₹4,65,18,293/-

(II) ഗ്രാമപഞ്ചായത്ത് ഭവനനിർമ്മാണ വായ്പ

ഈ വായ്പ ഇനത്തിൽ തൻ വർഷം വരവില്ല. തുക വിനിയോഗിച്ചിട്ടുമില്ല.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ)	തൻവർഷം തിരിച്ചടച്ച തുക(രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ)
				മുതൽ	പലിശ	
ഭവന പദ്ധതി		0	₹56,21,000/-	₹13,20,000/-	₹8,38,857/-	₹43,01,000/-

ഖ. 1-2.1 കൂടി കാണുക

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഭാഗം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	4-8	2003-04	3-11-8	കറവ യന്ത്രം വാങ്ങൽ – അപ്രായോഗികമായ പദ്ധതി - ഉപയോഗശൂന്യമായ ധനവിനിയോഗം	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-2015	2-3	2016-2017	അനുബന്ധം-3	വസ്തുനികുതി	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-2015	2-2, 2-1, 3-12	2016-2017	അനുബന്ധം-4	തൊഴിൽ നികുതി	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

2015-2016	2-3	2016-2017	അനുബന്ധം-5	തൊഴിൽ നികുതി	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		87,600/-	ഡോ. അനുപമ. ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
3-2		63,501/-	ഡോ. അനുപമ. ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
3-3		5,500/-	ശ്രീ. ബിനോയ്.എം. ജി, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	6,24,102/-	ശ്രീമതി. ശാന്തി തോമസ്, അസി.എഞ്ചിനീയർ
1-22	1,38,000/-	ഡോ. അനുപമ. ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-23	1,00,000/-	ശ്രീമതി. ശോഭന, ഹെഡ്മിസ്ട്രസ്സ്
1-24	97,283/-	ഡോ. അനുപമ. ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-25	2,00,000/-	ഡോ. അനുപമ. ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-26	3,00,000/-	ഡോ. നിത്യാ മോൾ, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-28	1,42,900/-	ശ്രീമതി.രഹന, വി.ഇ.ഒ
1-30	21,58,857/-	ശ്രീമതി.റാഹിലത്ത്, വി.ഇ.ഒ

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ബിനോയ്.എം. ജി, സെക്രട്ടറി	സെക്രട്ടറി, നെടുവത്തൂർ ഗ്രാമപഞ്ചായത്ത്	ബിന്ദു ഭവൻ, ചെമ്മക്കാട്.പി.ഒ, കൊല്ലം
ശ്രീമതി. ശാന്തി തോമസ്, അസി.എഞ്ചിനീയർ	അസി.എഞ്ചിനീയർ, തേവലക്കര	കരോട്ട്, എൻ.സി.സി റോഡ്, പേരൂർക്കട പി.ഒ, തിരുവനന്തപുരം

	ഗ്രാമപഞ്ചായത്ത്	
ഡോ. അനുപമ. ബി, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഭാരതി, പുത്തൻചന്ത. പി.ഒ, പന്മന
ശ്രീമതി. ശോഭന, ഹെഡ് മിസ്ട്രസ്സ്	ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് മൊട്ടയ്ക്കൽ	നാരായണീയം, മൊട്ടയ്ക്കൽ, തേവലക്കര. പി.ഒ
ഡോ. നിത്യാ മോൾ, മെഡിക്കൽ ഓഫീസർ,	മെഡിക്കൽ ഓഫീസർ, ഹോമിയോ	അഞ്ജലി, നിയർ റയിൽവേ സ്റ്റേഷൻ, എഴുകോൺ. പി.ഒ, കൊല്ലം
ശ്രീമതി.രഹന, വി.ഇ.ഒ	വി.ഇ.ഒ, തേവലക്കര ഗ്രാമപഞ്ചായത്ത്	മിനാര, കാരാളി.ജം.പി.ഒ
ശ്രീമതി.റാഹിലത്ത്, വി.ഇ.ഒ	വി.ഇ.ഒ, തേവലക്കര ഗ്രാമപഞ്ചായത്ത്	ദാറുൽ മുസമ്മിൽ, പടിഞ്ഞാറ്റക്കര പി.ഒ, തേവലക്കര

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം-പി2/424/18(4)/28.2.18	3
1998-99	കെ.എസ്.എ.കെ.എൽ.എം-പി2/424/18(6)/28.2.18	7
1999-00	കെ.എസ്.എ.കെ.എൽ.എം-പി2/424/18(7)-28.3.18	22
2000-01	കെ.എസ്.എ.കെ.എൽ.എം-പി2/424/18/(8)/28.3.18	7
2001-02	കെ.എസ്.എ.കെ.എൽ.എം-പി2/424/18(9)/28.2.18	2
2002-03	കെ.എസ്.എ.കെ.എൽ.എം-പി2/424/18(10)/28.2.18	2
2003-04	കെ.എസ്.എ.കെ.എൽ.എം-പി2/424/18/(11)/28.2.18	2
2004-05	കെ.എസ്.എ.കെ.എൽ.എം-പി2/424/18/(12)/28.2.18	5
2005-06	കെ.എസ്.എ.കെ.എൽ.എം-പി2/424/18/(13)/28.2.18	5
2006-07	കെ.എസ്.എ.കെ.എൽ.എം-പി2/782/19/07.06.19	5
2007-08	കെ.എസ്.എ.കെ.എൽ.എം-പി2/782/19/07.06.19	11
2008-09	കെ.എസ്.എ.-കെ.എൽ.എം-പി2/782/19/07.06.19	3
2009-10 & 2010-11	കെ.എസ്.എ.-കെ.എൽ.എം-പി2/782/19/07.06.19	5
2011-12	കെ.എസ്.എ.-കെ.എൽ.എം-പി2/അദാലത്ത് 2011-12/880/22/തീ. 20.08.22	18
2012-13	കെ.എസ്.എ.-കെ.എൽ.എം-പി2/അദാലത്ത് 2012-13/880/22/തീ. 20.08.22	14
2013-14	കെ.എസ്.എ.-കെ.എൽ.എം-പി2/അദാലത്ത് 2013-14/880/22/തീ. 20.08.22	15
2014-15	കെ.എസ്.എ.-കെ.എൽ.എം-പി2/അദാലത്ത് 2014-15/880/22/തീ. 20.08.22	7

2015-2016	കെ.എസ്.എ.-കെ.എൽ.എം-പി2/അദാലത്ത് 2015-16/ 880/22/തീ. 20.08.22	4
2016-2017	കെ.എസ്.എ.കെ.എൽ.എം-പി2/511/18, തീയതി-07.04.18	12
2017-2018	കെ.എസ്.എ.കെ.എൽ.എം-പി2/53/19, തീയതി-08.08.19	20
2018-2019	കെ.എസ്.എ.കെ.എൽ.എം./പി.2/1276/2022, തീയതി- 14.09.22	15
2019-2020	കെ.എസ്.എ.കെ.എൽ.എം-പി2/08/2022, തീയതി- 23.05.2022	എല്ലാ ഖണ്ഡികകളും
2020-2021	കെ.എസ്.എ.കെ.എൽ.എം-പി2/13/2022 തീയതി. 22.07.22	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്